INDIAN SCHOOL AL WADI AL KABIR
MIDTERM EXAMINATION
MALAYALAM (2nd LANGUAGE)- SET-1

Class: IX | Max. Marks: 80

Date:22/09/2026 | Time: 3 hours

General Instructions:

The question paper is divided into four sections:

Section A : Reading Comprehension - 15 marks

Section B : Creative Writing - 14 marks

Section C : Grammar - 15 marks

Section D : Literature - 36 marks

SECTION A/ എ വിഭാഗം

1. **തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** **(8X1=8)**

അരങ്ങിൽ അവതരിപ്പിക്കുന്ന കലാരൂപമായതു കൊണ്ട് നാടകത്തിന്റെ സവിശേഷ ലക്ഷ്യം സംവേദനമാണ്. സാഹിതീയ പാഠത്തിലെ ആശയങ്ങളെ പ്രേക്ഷകന് അഭിമുഖമായി എത്തിക്കുന്നതാണ് അഭിനയം. 'നേരെ' , 'ഉള്ളിലേക്ക് 'എന്നെല്ലാം അർത്ഥമുള്ള 'അഭി' എന്ന ഉപസർഗ്ഗം 'നയിക്കുക' എന്നർത്ഥമുള്ള പദത്തോട് ചേർന്നുണ്ടാകുന്നതാണ് 'അഭിനയ'മെന്ന് പറയപ്പെടുന്നു. അതായത് പ്രേക്ഷകരെ നാടകത്തിന്റെ രസാദി തലങ്ങിളേക്ക് നയിക്കുന്നത് എന്നാണ് അഭിനയത്തിന്റെ അർത്ഥം. നാടകത്തിൽ കൃതിയെക്കാൾ പ്രാധാന്യം അരങ്ങിലെ അവതരണത്തിന് വരാൻ കാരണം അത് ക്രിയാംശ പ്രധാനമായതുകൊണ്ടാണ്. ഭാരതീയ സങ്കല്പപ്രകാരം സുന്ദരകലകളിൽ ഏറ്റവും ജനസമ്മതമായത് നാട്യകലയാണ്. ഒരു വലിയ സമൂഹത്തെ ഒന്നടങ്കം ആഹ്ളാദിപ്പിക്കാൻ നാട്യകല എന്നതുപോലെ മറ്റൊന്നിനും കഴിയുകയില്ല. പ്രത്യക്ഷ ലോകത്തിന്റെ സമസ്ത മേഖലകളും നാട്യകലയിൽ വിഷയീഭവിക്കുന്നു. നാട്യശാസ്ത്ര കർത്താവായ ഭരതമുനി നടന്മാരുടെ അഭിനയവിധിയെ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നിവയാണവ. അരങ്ങിൽ ദൃശ്യങ്ങളിലൂടെയുള്ള സംവേദനമാണ് നടക്കുന്നതെന്ന-തിനാൽ തന്നെ ആധുനിക നാടക സങ്കല്പങ്ങളിൽ ആംഗികാഭിനയത്തിന് കൂടുതൽ പ്രാമുഖ്യം കൈവന്നിരിക്കുന്നു.

ചോദ്യങ്ങൾ

(a) നാടകത്തിന്റെ സവിശേഷമായ ലക്ഷ്യം എന്ത്?

(b) സുന്ദരകലകളിൽ ഏറ്റവും ജനസമ്മതമായത് ഏത്?

(c) നാടകത്തിൽ കൃതിയെക്കാൾ പ്രാധാന്യം എന്തിനാണ്?

(d) നാട്യശാസ്ത്രത്തിന്റെ കർത്താവ് ആര്?

(e) ആധുനിക നാടക സങ്കല്പങ്ങളിൽ കൂടുതൽ പ്രാമുഖ്യം ലഭിച്ച അഭിനയരീതി ഏതാണ്?

(f) അഭിനയത്തിന്റെ അർത്ഥം എന്താണ്?

(g) ഭരതമുനിയുടെ അഭിനയവിധിയിലെ നാല് വിഭാഗങ്ങൾ ഏതെല്ലാമാണ്?

(h) ആധുനിക നാടകസങ്കല്പങ്ങളിൽ ആംഗികാഭിനയത്തിന് കൂടുതൽ പ്രാമുഖ്യം ലഭിക്കാൻ കാരണമെന്ത്?

2. **തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** **(7X1=7)**

സ്വാഭാവിക വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ലോകജനതയ്ക്കു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് യു. എൻ . പൊതുസഭ 2011 അന്താരാഷ്ട്ര വനവർഷമായി ആചരിക്കാൻ തീരുമാനിച്ചത്. വനങ്ങളുടെ സന്തുലിത വികസനം, സംരക്ഷണം, പരിപാലനം, എന്നിവയാണ് യു. എൻ ആഹ്വാനം ചെയ്യുന്നത്. വനങ്ങൾ ജനങ്ങൾക്ക് എന്നതാണ് ഇതിന്റെ മുദ്രാവാക്യം. വനങ്ങൾ ജനങ്ങൾക്ക് ആശ്രയമാകുന്നു; ജൈവവൈവിധ്യം നിലനിർത്തുന്നു. ഭക്ഷണം, മരുന്ന്, കുടിവെള്ളം, എന്നിവയുടെ സ്രോതസ്സാകുന്നു. ആഗോള കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ലോകത്ത് മനുഷ്യന്റെ നിലനിൽപ്പിനും ക്ഷേമത്തിനും വനങ്ങൾ ഒഴിച്ചുകൂടാനാകാത്ത ഒന്നാണെന്ന് കാണാം. ഇതാണ് അന്താരാഷ്ട്ര വനവർഷത്തിൽ ഐക്യരാഷ്ട്രസഭ നൽകുന്ന സന്ദേശം. ലോകബാങ്ക് കണക്കു പ്രകാരം 1.6 ബില്യൺ ജനങ്ങളാണ് ലോകത്താകമാനം വനത്തെ ആശ്രയിച്ച് ജീവിക്കുന്നത്. ആഗോളതലത്തിൽ പക്ഷികളിൽ മൂന്നിലൊന്നും വനപ്രദേശത്തെ ആശ്രയിക്കുന്നു. 31 ശതമാനം വരുന്ന വനപ്രദേശമാണ് ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത് .

ചോദ്യങ്ങൾ

(a) അന്താരാഷ്ട്ര വനവർഷം ആചരിക്കാൻ തീരുമാനിച്ചത് ആര്?

(b) അന്താരാഷ്ട്ര വനവർഷത്തിന്റെ മുദ്രാവാക്യം എന്തായിരുന്നു?

(c) യു. എൻ. ആഹ്വാനം ചെയ്യുന്നത് എന്ത്?

(d) വനങ്ങൾ നിലനിർത്തുന്നത് എന്ത്?

(e) വനങ്ങൾ എന്തിന്റെയെല്ലാം സ്രോതസ്സാണ്?

(f) ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന വനപ്രദേശം എത്ര ശതമാനമാണ്?

(g) ലോകത്താകമാനം 1.6 ബില്യൺ ജനങ്ങൾ വനത്തെ ആശ്രയിച്ച് ജീവിക്കുന്നു എന്നുള്ളത് ആരുടെ കണക്കാണ്?

SECTION B/ ബി വിഭാഗം

3 **(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** (5)

(i) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

(ii) മാതൃഭാഷാപഠനം

(b) നിങ്ങളുടെ പ്രദേശത്തെ തെരുവുനായശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നഗരസഭാചെയർമാന് ഒരു കത്ത് തയ്യാറാക്കുക. (5)

(c) സി.ബി.എസ്.ഇ പരീക്ഷയിൽ ഉന്നതവിജയം നേടിയ നിങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ടുനടന്ന സമ്മേളനത്തെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. (4)

SECTION C/ സി വിഭാഗം

4. **(a) പ്രയോഗം മാറ്റുക.** (2X1=2)

(i) ഡോക്ടർ അവരുടെ മുറിഞ്ഞ കാല് പരിശോധിക്കുകയായിരുന്നു.

(ii) പ്രാസംഗികർ അല്പനേരത്തേക്ക് പ്രസംഗം നിർത്തി.

(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (2X1=2)

(i) ഒരു വിധി പ്രസ്താവിക്കാതെതന്നെ ഗുരുവിന്റെ നിർദേശം ജനങ്ങൾ നടപ്പിലാക്കി.

(ii) അമ്മ എന്ന വിളി കേട്ടപ്പോൾ വൃദ്ധയ്ക്കു കുറച്ചു ശക്തി വീണ്ടു കിട്ടിയതുപോലെ അനുഭവപ്പെട്ടു.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (2X1=2)

(i) ജനക്കൂട്ടം നിശ്ശബ്ദമായി മൗനത്തോടെ അതിന് വഴങ്ങിക്കൊടുത്തു.

(ii) ഗുരുവിന്റെ സന്ന്യാസ ജീവിതത്തിന്റെ ആസ്ഥാനമായ ആ ഒറ്റപ്പെട്ട വിജനസ്ഥലത്ത് വലിയൊരു ജനക്കൂട്ടം വന്നുചേർന്നു.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. (2X1=2)

(i) വീണ്ടുകിട്ടുക (ii) പരിശോധിക്കുക (iii) ശുശ്രൂക്ഷിക്കുക

5. **തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** (7X1=7)

(a) 'കണ്ണ് 'എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

1. മൃദ
2. ഉക്തി
3. പാണി
4. നയനം

(b) 'ഭിക്ഷു' എന്ന പദത്തിന്റെ എതിർലിംഗം ഏത്?

9. ഭിക്ഷുണ
10. ഭിക്ഷിണി
11. ഭിക്ഷുണു
12. ഭിക്ഷുണി

(c) 'പൂരം' എന്ന പദത്തിന്റെ അർത്ഥം ഏത്?

1. പ്രിയം
2. കൂട്ടം
3. പടം
4. പൊടി

(d) 'വൃത്തം - വൃത്തി' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

1. വളയം - ശുചിത്വം
2. സുപ്തി - വളയം
3. ശുചിത്വം - വളയം
4. ശുചിത്വം - സുപ്തി

(e) 'മണൽക്കൂന' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

1. മണലിന്റെ കൂന
2. മണൽ ആകുന്ന കൂന
3. മണൽ കൊണ്ടുള്ള കൂന
4. മണൽ എന്ന കൂന

(f) താഴെ തന്നിരിക്കുന്നവയിൽ 'മതി ' എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദം ഏത്?

1. ബുദ്ധി
2. പൊരുൾ
3. അവസ്ഥ
4. നികുതി

(g) 'യുഗം'എന്ന പദത്തിന്റെ അർത്ഥം തന്നിരിക്കുന്നവയിൽ ഏതാണ് ?

1. പ്രസക്തി
2. അന്യം
3. തിന്മ
4. കാലം

(h) 'പുകക്കുഴൽ' എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത്?

1. പുക + ക്കുഴൽ
2. പുകാ + കുഴൽ
3. പുക + കുഴൽ
4. പുകം + കുഴൽ

(i) 'പ്രത്യക്ഷം' എന്നതിന്റെ വിപരീതപദം ഏത്?

1. അപകർഷം
2. വികർഷം
3. സഹർഷം
4. അപ്രത്യക്ഷം

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

1. നിർദാക്ഷണ്യം
2. നിർദ്ദാക്ഷണ്യം
3. നിർധാക്ഷണ്യം
4. നിർദാക്ഷിണ്യം

SECTION D / ഡി വിഭാഗം

6. **തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തിരഞ്ഞെടുക്കുക. (ഓരോന്നിനും 2 മാർക്കുവീതം) (9X2=18)**

(a) (i) 'അമ്മ' എന്ന പാഠഭാഗം ഏത് കഥാസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

1. പാവാട
2. പുതപ്പ്
3. തണുപ്പ്
4. പക്ഷിയുടെ മണം

(ii) "ഈ വൃദ്ധയെ റോട്ടിൽ കിടത്തി മരിപ്പിക്കാനാണോ തന്റെ ഉദ്ദേശ്യം! മാറി നിൽക്കിൻ". ആരുടെ വാക്കുകളാണിത്?

1. പാൽക്കാരന്റെ
2. പോലീസുകാരന്റെ
3. ടാക്സിക്കാരന്റെ
4. ഡോക്ടറുടെ

(b) "നീചനാരിതൻ കൈയാൽ ജലം വാങ്ങിയാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ".

(i) ആരെയാണ് 'നീചനാരി' എന്ന് കവി വിശേഷിപ്പിക്കുന്നത്?

1. ചാമർനായകനെ
2. ബുദ്ധഭിക്ഷുവിനെ
3. മാതംഗിയെ
4. ആര്യന്മാരെ

(ii) ഈ വരികൾ എഴുതിയ കവിയാര്?

1. ഉള്ളൂർ
2. ബെന്യാമിൻ
3. കുമാരനാശാൻ
4. ഇടശ്ശേരി

(c) (i) "പച്ചക്കല്ലുവിളങ്ങു കിടക്കും ഗിരിശൃംഗത്തിൻ പ്രതിരൂപം" എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

1. കുടിലിനെ
1. ബംഗ്ലാവിനെ
3. പുളിമാവിനെ
2. അമ്മമഹിയെ

(ii) കൂറ്റൻമഴുവേറ്റടിയുന്നേരം കുലുങ്ങിടുന്നത് എന്താണ്?

1. കുളിർകാറ്റ്
1. ഭൂചക്രം
3. ഒട്ടുമാവുകൾ
2. പൂങ്കുല

(d) "മറ്റുള്ളവരെപ്പോലെ ഇവരും ദൈവത്തിന്റെ മക്കളാണ്".

(i) ആരുടെ വാക്കുകളാണിത്?

1. ശ്രീനാരായണഗുരുവിന്റെ
1. അയ്യങ്കാളിയുടെ
3. നടരാജഗുരുവിന്റെ
2. ശ്രീബുദ്ധന്റെ

(ii) 'അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം' എന്ന പാഠഭാഗം എഴുതിയതാര്?

1. പി.പി. രാമചന്ദ്രൻ
2. ഇടശ്ശേരി
3. പി.കെ. ഗോപാലകൃഷ്ണൻ
4. കുമാരനാശാൻ

(e) "തളിർനാക്കു കടിച്ചേ നില്പായി ".

(i) തളിർനാക്ക് കടിച്ച് നിൽക്കുന്നത് ആരാണ്?

1. നാട്ടുമാവ്
3. ചക്കരമാവ്
3. ഒട്ടുമാവ്
4. പുളിമാവ്

(ii) " സ്വന്തം മാറ,ത്തമ്മ മഹിക്കെരി-

തീക്കനൽ വീണാൽ വീണോട്ടേ". ഈ വരികളിൽ പ്രകടമാകുന്നതെന്ത് ?

1. സമത്വബോധം
2. പ്രകൃതിസ്നേഹം
3. മനുഷ്യന്റെ ലാഭക്കൊതി
4. മാനവികത

(f) (i) "അല്ലലാലങ്ങു ജാതി മറന്നിതോ?" ആരെയാണിവിടെ 'അങ്ങ് ' എന്ന് വിശേഷിപ്പിക്കുന്നത്?

1. കവിയെ
2. മാതംഗിയെ
3. ആനന്ദഭിക്ഷുവിനെ
4. ചാമർനായകനെ

(ii) ബുദ്ധഭിക്ഷു മാതംഗിയെ എന്തു വിളിച്ചാണ് സംബോധന ചെയ്തത്?

1. കൂട്ടുകാരി
2. സുന്ദരി
3. പ്രാണസഖി
4. സഹോദരി

(g) (i)"എവിടെ വച്ചാണ് ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ശിവരാത്രി ആഘോഷം സംഘടിപ്പിച്ചത്?

1. അരുവിപ്പുറത്തു വച്ച്
2. ശിവഗിരിയിൽ വച്ച്
3. ചെമ്പഴന്തിയിൽ വച്ച്
4. വർക്കലയിൽ വച്ച്

(ii) ഹിംസ കശലായിരിക്കുന്ന ദേശകാലങ്ങളിൽ ജഗത്ഗുരുക്കന്മാർ മറ്റു ധർമ്മങ്ങളേക്കാൾ മുഖ്യത കല്പിക്കുന്നത് എന്തിനാണ്?

1. ഹിംസാമാർഗത്തിന്
2. ആത്മീയതയ്ക്ക്
3. ധാർമികതയ്ക്ക്
4. അഹിംസാധർമത്തിന്

(h) (i) പച്ചത്തണലും കൊത്തിയെടുത്തു കൊണ്ട് അകലേക്ക് പറക്കാൻ എന്തിനോടാണ് പറയുന്നത്?

1. പറവകളോട്
2. പൂക്കളോട്
3. കാറ്റിനോട്
4. കിളികളോട്

(ii) 'പുളിമാവ് മുറിച്ചുമാറ്റാൻ അച്ചാരം വാങ്ങിയതാരാണ്?

1. കുടിയാൻ
2. ഉടമസ്ഥൻ
3. കവി
4. കർഷകൻ

(i) “കുറച്ചു കൊല്ലങ്ങളായി അവരെ അങ്ങനെ ആരും സംബോധന ചെയ്തിട്ട് '

ആരാണ് സംബോധന ചെയ്തത്?

1. യാത്രക്കാർ
2. പാൽക്കാരൻ
3. ഡ്രൈവർ
4. ബുദ്ധഭിക്ഷു

(ii) സംബോധന കേട്ടപ്പോൾ വൃദ്ധയ്ക്കുണ്ടായ അനുഭവം എന്ത്?

1. ശക്തി നഷ്ടപ്പെട്ടതു പോലെ
2. ശക്തി വീണ്ടു കിട്ടിയതു പോലെ
3. തല കറങ്ങുന്നതു പോലെ
4. എല്ലാ അവയവങ്ങളും മരവിച്ചതു പോലെ

(j) “കുരുത്തനാൾ തൊട്ടിന്നോളം തല

കുനിച്ചിടാത്തോനീ വൃദ്ധൻ”.

(i) ആരെയാണ് കവി വൃദ്ധൻ എന്നു പറഞ്ഞിരിക്കുന്നത്?

1. ഉടമസ്ഥനെ
2. പുളിമാവിനെ
3. കുടിയാനെ
4. ദേവൻമാരെ

(ii) ഓടിവന്ന പാലക്കാടൻ കുളിർകാറ്റ് കൊണ്ടുവന്നത് എന്താണ്?

1. പൂത്തിരി
2. പൂനിലാവ്
3. പൂന്തേൻ
4. പൂങ്കുല

(k) 'അവർ തൻ പേച്ചുകളകളങ്കം'

(i) ആരുടേതാണ് അകളങ്കമായ പേച്ചുകൾ?

1. ദേവന്മാരുടെ
2. കവിയുടെ
3. കുടിയാന്മാരുടെ
4. ഉടമയുടെ

(ii) എപ്പോഴാണ് അകളങ്കമായ പേച്ചുകൾ കാണാനാവുന്നത്?

1. ഉച്ചയ്ക്ക്
2. വൈകിട്ട്
3. പ്രഭാതത്തിൽ
4. സായാഹ്നത്തിൽ

(l) “സമയം എത്രയായെന്ന് അറിയാൻ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല, ശശിക്ക് വാച്ചൂരിക്കൊടുക്കാൻ തോന്നിയ നിമിഷത്തെ വീണ്ടും ശപിച്ചു”.

(i) ആരുടെ വാക്കുകളാണിത്?

1. ഹക്കിമിന്റെ
2. നജീബിന്റെ
3. അബുവിന്റെ
4. ആസിഫിന്റെ

(ii) മരുഭൂമിയിലെ നജീബിന്റെ കൂട്ടുകാരൻ ആരായിരുന്നു ?

1. അബു
2. അർബാബ്
3. ശശി
4. ഹക്കിം

7. **തന്നിരിക്കുന്നവയിൽഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക.**
(ഓരോന്നിനും മൂന്ന് മാർക്കു വീതം) (3X3=9)

(a) "അമ്മ എന്ന കഥയിലെ ബോലേറാം മാനവികതയുടെ പ്രതീകമാണ്". വിശദീകരിക്കുക.

(b) നജീമിനോടും ഹക്കീമിനോടുമുള്ള അർബാബിന്റെ പെരുമാറ്റരീതി എങ്ങനെയുള്ളതായിരുന്നു?

(c) ശ്രീനാരായണഗുരുവുമായി സി .വി .കുഞ്ഞുരാമൻ നടത്തിയ സംഭാഷണത്തിന്റെ സാരാംശം എന്ത് ?

(d) മാതൃത്വത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് 'അമ്മ' എന്ന കഥയിലൂടെ കഥാകൃത്ത് അവതരിപ്പിക്കുന്നത്?

8. **തന്നിരിക്കുന്നവയിൽഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക.**
(ഓരോന്നിനും മൂന്ന് മാർക്കു വീതം) (3X3=9)

(a) “പട്ടയമാരും തന്നീല്ലല്ലോ
നിങ്ങൾക്കിവിടെക്കുടിപാർക്കാൻ!”. വിവരിക്കുക.

(b) “പിന്നെത്തർക്കം പറഞ്ഞില്ലാലോമലാൾ -
തമ്പിയാണവൾ കല്ലല്ലിരുമ്പല്ല”- ഈ വരികളിലൂടെ കവി ഉദ്ദേശിക്കുന്നതെന്ത് ?

(c) പുളിമാവ് വെട്ടിയപ്പോൾ പ്രകൃതിയിൽ ഉണ്ടായ പ്രതികരണങ്ങൾ എന്തെല്ലാം?

(d) മാതംഗിയെ കവി വർണിച്ചിരിക്കുന്നതെങ്ങനെ?

******